# തൗഹീദിന്റെ അതിര് തിക്കിയവർ...?

സാലിഷ് വാടാനപ്പള്ളി

“നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെ തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത് എന്നോട് യാതൊന്നും അവർ പങ്ക്ചേർക്കുകയില്ല.അതിനു ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ’’ *(സൂറ: നൂർ –55)*

പരലോക മോക്ഷത്തിനെന്നപോലെ ഇഹലോകജീവിതത്തിൽ അല്ലാഹു നൽകുന്ന വിജയത്തിനും സ്വാധീനത്തിനും അവൻ ഉപാധിയാക്കി നിശ്ചയിച്ചിട്ടുള്ളത് ശിർക്കിൽ നിന്ന് മുക്തമായ തൗഹീദും ദൈവിക സന്മാർഗദർശനങ്ങളും സ്വീകരിക്കുകയെന്നതത്രെ. ഭരണവും തൗഹീദും തമ്മിലുള്ള ബന്ധവും ഇതുതന്നെ. മനുഷ്യർ തൗഹീദ് ഉൾകൊള്ളുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സമൂഹമായി പരിവർത്തിക്കപ്പെടുമ്പോൾ അല്ലാഹു നൽകുന്ന അനുഗ്രഹമാണ് ഭരണം അഥവാ അധികാരം. ഈ യാഥാർത്ഥ്യത്തിന്റെ പ്രായോഗിക രൂപം റസൂൽ(സ) നേതൃത്വം കൊടുത്ത സമൂഹം തന്നെയാണ്. മക്കയിലെ പരീക്ഷണ നാളുകളിൽ തന്നെ പ്രവാചകൻ പാകിയ തൗഹീദിന്റെ വിത്തുകളാണ് പിന്നീട് മദീനയിൽ ഭരണാധികാരം കൈയ്യാളിയ സമൂഹമായി വളർന്നു പന്തലിച്ചത്. നബി(സ) പറഞ്ഞത്, ‘‘നിങ്ങൾ ‘ലാഇലാഹ ഇല്ലല്ലാഹു’’ പ്രഖ്യാപിക്കുവീൻ, നിങ്ങൾക്ക് അറബികളും അനറബികളും കീഴ്പെടും’’ എന്നാണ്. ഈ നബി വചനത്തെ, ‘ഭരണാധികാരം തൗഹീദിന്റെ ഭാഗമാണെന്നും ഭരണമില്ലെങ്കിൽ തൗഹീദ് അപൂർണമാണ്’ എന്നുമുള്ള വിതണ്ഡ വാദത്തിന് വേണ്ടി തെളിവൊപ്പിക്കുന്നവരുണ്ട്. എന്നാൽ, ‘തൗഹീദ് സംസ്ഥാപിച്ചുകൊണ്ടാണ് ഭരണാധികാരം തേടേണ്ടത്’ എന്ന ഇസ്ലാമിക വാദത്തിനാണ് ഈ പ്രവാചകവചനം തെളിവുനൽകുക. അതു ബോധ്യപ്പെടാൻ മുകളിൽ കൊടുത്തിട്ടുള്ള സൂറത്തുന്നൂറിലെ 55–ാം ആയത്തിലേക്ക് നിഷ്പക്ഷതയോടെ ഒന്നു കണ്ണോടിച്ചാൽ മാത്രം മതി. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോടുള്ള വാഗ്ദാനത്തെക്കുറിച്ചാണ് പ്രസ്തുത ആയത്ത് സംസാരിക്കുന്നത്. വാഗ്ദാനം ചെയ്യപ്പെട്ടവരുടെ മറ്റൊരു പ്രത്യേകതകൂടി പടച്ചതമ്പുരാൻ പറഞ്ഞുതരുന്നതു കാണുക. ‘‘എന്നെയായിരിക്കും അവർ ആരാധിക്കുക എന്നോട് യാതൊന്നും പങ്കുചേർക്കുകയില്ല’’ *(നൂർ–55)* അപ്പോൾ വാഗ്ദത്തം നൽകപ്പെട്ടവരുടെ സവിശേഷതകൾ നാലാണ്. (1) അവർ വിശ്വാസം (ഈമാൻ) ഉള്ളവരാണ്. (2) അവർ സൽകർമങ്ങൾ (അമലുസ്വാലിഹാത്ത്) പ്രവർത്തിക്കുന്നവരാണ്. (3) അവർ എന്നെയായിരിക്കും ആരാധിക്കുക (ഇബാദത്ത്) (4) അവർ എന്നിൽ യാതൊന്നും പങ്കുചേർക്കുകയില്ല (ശിർക്ക്). ഈ പറഞ്ഞ നാല് മഹത്ഗുണങ്ങൾ അവരിൽ സമ്മേളിച്ചത് കൊണ്ടാണ് അവർക്ക് അല്ലാഹു ഭരണം നൽകാമെന്ന് വാഗ്ദത്തം ചെയ്തത്.

ആദ്യം വിശ്വാസത്തിന്റെ കാര്യമെടുക്കാം. അല്ലാഹുവും റസൂലും പഠിപ്പിച്ച വിശ്വാസങ്ങൾ മുഴുവനും അവരിൽ സമ്മേളിച്ചിട്ടുണ്ടാകും. അല്ലാഹുവും റസൂലും പഠിപ്പിച്ച മുഴുവൻ സൽകർമങ്ങളും അവരനുഷ്ഠിക്കുന്നവരുമായിരിക്കും. അല്ലാഹുവും റസൂലും 'ഇബാദത്ത്' എന്ന പദം കൊണ്ടർത്ഥമാക്കിയതെന്തോ അത് മുഴുവൻ അല്ലാഹുവിന് മാത്രമായിരിക്കും അവർ സമർപിക്കുക. അല്ലാഹുവും റസൂലും പഠപ്പിച്ചുതന്ന സകല ശിർക്കിൽ നിന്നും അവർ മുക്തരായിരിക്കും. അത്കൊണ്ടാണ് ഭൂമിയിലെ പ്രാതിനിധ്യം പടച്ചതമ്പുരാൻ അവർക്ക് വാഗ്ദത്തം നൽകിയത്. ഈ ആയത്ത് പഠിക്കുന്ന വ്യക്തിക്ക് അൽപ്പം ബുദ്ധിപ്രവർത്തിച്ചാൽമാത്രം മതി ഭരണവും തൗഹീദും രാവും പകലും പോലെ തീർത്തും രണ്ടാണെന്ന് മനസ്സിലാക്കാൻ. ഭരണത്തെയും അധികാരത്തെയും സംബന്ധിച്ച് പ്രവാചകൻ(സ) പഠിപ്പിച്ച ചില ഹദീസുകൾ കൂടി കാണുക.

1. അബ്ദുറഹ്മാൻ(റ) നിവേദനം: ''നബി(സ) എന്നോട് പറഞ്ഞു: അബ്ദുറഹ്മാൻ നീ അധികാരം ചോദിച്ചുവാങ്ങരുത്. നീ അത് ചോദിച്ചുവാങ്ങിയാൽ നീ അതിലേക്ക് ഏൽപ്പിക്കപ്പെടും (അല്ലാഹുനിന്നെ സഹായിക്കുകയില്ല.) ചോദിക്കാതെ നൽകപ്പെട്ടാൽ നീ സഹായിക്കപ്പെടും'' *(ബുഖാരി ഹ: നമ്പർ 7146, മുസ്ലിം: 1652)*

2. നബി(സ) അരുളി: ''നിങ്ങൾ ഭരണം ലഭിക്കുവാൻ അത്യാഗ്രഹം കാണിക്കും. എന്നാൽ അവസാന ദിവസം അത് നിങ്ങൾക്ക് ഖേദകരമാകും'' *(ബുഖാരി: 7148)*

3. അബൂദർറ്(റ) നിവേദനം: ''നബി(സ) പറഞ്ഞു: അബൂദർറ് താങ്കളെ ഞാൻ ദുർബലനായി കാണുന്നു. എന്റെ സ്വന്തം കാര്യത്തിൽ ഞാൻ ഇഷ്ടപ്പെടുന്നത് താങ്കൾക്കും ഞാൻ ഇഷ്ടപ്പെടുന്നു. നീ രണ്ടാളുടെ ഭരണാധികാരി പോലും ആകരുത്. അനാഥയുടെ സമ്പത്തിന്റെ ബാദ്ധ്യതയും ഏറ്റെടുക്കരുത്'' *(മുസ്ലിം: 1826)*

ശ്രദ്ധിക്കുക: ഭരണം ഇസ്ലാമിനും മുസ്ലിംകൾക്കും ഒട്ടേറെഗുണം ചെയ്യുന്നതാണ്. ഇസ്ലാമിൽ ഭരണ സംബന്ധമായ നിയമ നിർദ്ദേശങ്ങൾ ഉണ്ട്താനും. എന്നിട്ടുപോലും ഭരണത്തോടുള്ള ആർത്തിയെ പ്രവാചകൻ നിരുത്സാഹപ്പെടുത്തുന്നതാണ് ഈ ഹദീസുകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഭരണാധികാരമെങ്ങാനും തൗഹീദിന്റെ ഭാഗമായിരുന്നുവെങ്കിൽ അത് കരസ്ഥമാക്കുവാൻ വേണ്ടി അത്യാർത്തി കാണിക്കുവാൻ തന്നെ പ്രവാചകൻ(സ) ഉപദേശിക്കുമായിരുന്നു. മറ്റൊരാൾ കാണുന്നതിനുവേണ്ടി നമസ്കാരം നന്നാക്കുന്നതുപോലും ഗോപ്യമായ ശിർക്കാണെന്ന്' പഠിപ്പിച്ച പ്രവാചകൻ, ജഅ്ഫർബ്നു അബീത്വാലിബിന്റെ(റ) നേതൃത്വത്തിൽ ഒരു സംഘം സ്വഹാബികളെ അവരുടെ സമ്പൂർണമായ തൗഹീദിന്റെ സംരക്ഷണാർത്ഥം അവരെ പറഞ്ഞയച്ചത്, 'ത്രിയേകത്വമാകുന്ന ശിർക്ക് ഭരണത്തിന്റെ താത്വിക അടിത്തറയായി സ്വീകരിച്ച എത്യോപ്യയിലെ നജ്ജാശിയുടെ സാമ്രാജ്യത്വത്തിൻ കീഴിലേക്കായിരുന്നു. 'ത്വാഗൂത്താ'കുന്ന ആ അനിസ്ലാമിക ഭരണവ്യവസ്ഥക്ക് കീഴിൽ സ്വഹാബാക്കൾ അച്ചടക്കത്തോടെ വർഷങ്ങളോളം ജീവിക്കുകയും എത്യോപ്യ ശത്രുക്കളാൽ ആക്രമിക്കപ്പെട്ടപ്പോൾ എത്യോപ്യക്ക് വേണ്ടി സഹാബാക്കൾ യുദ്ധത്തിലേർപ്പെട്ടതും ചരിത്രം. പ്രവാചകൻ മദീനയിൽ ഒരു ഇസ്ലാമിക 'സ്റ്റേറ്റ്' സ്ഥാപിച്ചിട്ടും എത്യോപ്യയിലെ നജ്ജാശിയുടെ അനിസ്ലാമിക ഭരണത്തിൻ കീഴിൽ ജീവിക്കുന്ന ആ സ്വഹാബാക്കളെ പ്രവാചകൻ തിരികെ വിളിക്കാതിരുന്നത് 'ഇസ്ലാമിക ഭരണമില്ലാതെ തൗഹീദ് പൂർണമാകില്ലെ'ന്ന മൗദൂദിയൻ ഗ്രന്ഥങ്ങളിൽ നിന്നും ദീൻ പഠിക്കാത്തതുകൊണ്ടായിരിക്കണം. മാത്രമല്ല, നജ്ജാശി മുസ്ലിമായതിന് ശേഷവും അനിസ്ലാമിക ഭരണത്തിന്റെ 'കുഞ്ചിക' സ്ഥാനം വഹിക്കേണ്ടിവന്നിട്ടും അദ്ദേഹത്തിന്റെ തൗഹീദിന് എന്തെങ്കിലും കോട്ടം സംഭവിച്ചതായി പ്രവാചകൻ പഠിപ്പിച്ചില്ല. മറിച്ച് അദ്ദേഹം

മരണപ്പെട്ടപ്പോൾ അല്ലാഹുവിന്റെ 'വഹ്‌യ്' പ്രകാരം ആ സഹോദരനുവേണ്ടി സ്വഹാബി കളെ ഒരുമിച്ച്കൂട്ടി മയ്യിത്ത് നമസ്കരിക്കുകയും ചെയ്തു. എന്നാൽ ഈ പ്രവാചകാധ്യാപ നങ്ങൾക്കെതിരായി വിശുദ്ധ ഖുർആനിന് വിരുദ്ധമായി ഭരണാധികാരത്തെ തൗഹീദിന്റെ ഭാഗമായി അവതരിപ്പിക്കുകയാണ് മൗദൂദിസം ചെയ്തുകൊണ്ടിരുന്നത്. നോക്കൂ എത്ര മാത്രം വിചിത്രമാണ് ഈ ചിന്താധാര. തൗഹീദ് പൂർണമായവർക്ക് നൽകുന്ന അനുഗ്രഹമാ യിട്ടാണ് വിശുദ്ധ ഖുർആൻ സൂറഃ നൂറിലെ 55-ാം ആയത്തിലൂടെ ഭരണാധികാരത്തെ പരി ചയപ്പെടുത്തിയത്. എന്നാൽ അല്ലാഹുവും റസൂലും പഠിപ്പിച്ച അതിരുകൾക്കുള്ളിൽ നിൽ ക്കാതെ 'ഇബാദത്ത്' എന്ന ഇസ്‌ലാമിലെ അതിപ്രധാനമായ സാങ്കേതിക പദത്തെ ദുർവ്യാ ഖ്യാനിച്ചുകൊണ്ട് ഭരണത്തെ തൗഹീദിന്റെ ഭാഗമായി മൗദൂദിസം അവതരിപ്പിക്കുന്നത് കാണുക.

''നിശ്ചയമായും ഇബാദത്തിന്റെ സങ്കൽപം സമഗ്രമാകുന്നത് അതിൽ 2 രൂപകൽപനകൾ ഉൾചേർന്ന് വരുമ്പോഴാണ്. 1) അടിമത്തം അഥവാ അനുസരണം 2) ആരാധന. എന്നാൽ അടിമത്തം കൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യൻ ഒരു ഉന്നതമായ ശക്തിയിലെ പരമാധികാ രവും മഹത്വവും അംഗീകരിക്കുകയും എന്നിട്ട് ആ ശക്തിയെ മാത്രം അനുസരിക്കുകയും അവന്റെ നേതൃത്വത്തിനു മാത്രം വഴങ്ങുകയും ചെയ്യുക എന്നതാണ്. എന്നാൽ ആരാധന കൊണ്ടർത്ഥമാക്കുന്നത് മനുഷ്യൻ ഒരു ഉന്നതശക്തിയിൽ പരിശുദ്ധിയും-പവിത്രതയും പാപസുരക്ഷിതത്വവും വകവെച്ചുകൊടുക്കലും തന്റെ ശിരസ്സ് അവന്റെ മുന്നിൽ മാതം നമി ക്കലും ആചാരനേർച്ച വഴിപാടുകളും അവന്ന് മാത്രം സമർപ്പിക്കലുമാണ്. അങ്ങിനെവരു മ്പോൾ ഒന്നാമത്തെ കാര്യം (അടിമത്തം) ഇബാദത്തിന്റെ അടിസ്ഥാനപരവും പ്രാഥമികവു മായ രൂപകൽപനയാണെന്നും രണ്ടാമത്തേത് (ആരാധന) പൂർണതയേകുന്ന അന്തിമമായി ഉണ്ടാകേണ്ട രൂപകൽപനയാണെന്നും കാണാം. അതായത് ആദ്യത്തേതിന് അടിത്തറയു ടേയും തൂണിന്റെയും സ്ഥാനവും രണ്ടാമത്തേതിന് അതിന് മുകളിലുള്ള മേൽപുരയു ടെയും സ്ഥാനമാണ് ഉണ്ടാവുക'' *(മൗദൂദി/മഫാഹീമുൽ ഇസ്‌ലാമിയ്യ: ഹൗലദ്ദീനി വദ്ദൗല, പേ: 12)*

അടിത്തറയില്ലാതെ മേൽപ്പുര ഉണ്ടാവില്ല എന്ന് പറഞ്ഞത്പോലെ ഭരണമില്ലാതെ തൗഹീദ് പൂർണമാവില്ലെന്നർത്ഥം. വീണ്ടും മൗദൂദി പറയുന്നത് കാണുക: ''(ഇബാദത്തിൽ പരിഗ ണിക്കപ്പെടേണ്ട) ഈ അടിമത്തത്തിന്റെ ലഘുരൂപമാണ് ഭൃത്യനും യജമാനനും തമ്മിൽ നാം കാണുന്നത്. പക്ഷെ ഈ അടിമത്തത്തിന്റെ എല്ലാ വശങ്ങളെയും ഉൾകൊള്ളുന്ന സമ്പൂർണവും വ്യക്തവുമായ ഒരു മാതൃക ഒരോ നാട്ടിലെ ഭരണകൂടങ്ങളോടും പ്രചജകൾ കാണിക്കുന്ന അനുസരണമാണ്.............അപ്പോൾ ഏത് രാഷ്ട്രത്തിന്റെ അതിരുകൾക്കു ള്ളിൽ ജീവിക്കുന്നവനും ആ രാഷ്ട്രത്തിന്റെ ഭരണത്തെയും ഭരണ നിയമങ്ങളെയും അനു സരിക്കുന്നുവെന്നർത്ഥം. ഇങ്ങനെ പറയുന്നതിനു പകരം ഇതേ കാര്യം തന്നെ ദീനിന്റെ സാങ്കേതിക ശബ്ദം ഉപയോഗിച്ചു നാം പറയുകയാണെങ്കിൽ അവൻ ആഭരണകൂടത്തിന് ഇബാദത്ത് ചെയ്യുന്നു എന്നാണ് പറയേണ്ടത്.'' *(മഫാഹീമുൽ ഇസ്‌ലാമിയ്യ: ഹൗലദ്ദീനി വദ്ദൗല പേ: 12,13)* സയ്യിദ് മൗദൂദി രൂപം കൊടുത്ത ഈ രാഷ്ട്രീയ തൗഹീദ് തന്നെയാണ് മൗദൂദിസ്റ്റുകൾക്ക് ഇന്നും ഏറെ പ്രിയങ്കരം. ഇസ്‌ലാമിലെ ഇബാദത്തിനെയും തൗഹീദി നെയും രാഷ്ട്രീയ വൽക്കരിച്ച ചില ഉദ്ധരണികൾ കൂടി ശ്രദ്ധിക്കുക: ''ഇസ്‌ലാമിക പ്രബോ ധന പ്രവർത്തനങ്ങളുടെ ലക്ഷ്യം പ്രവാചകൻ തന്റെ അനുചരന്മാരെ നന്നായി ബോധ്യപ്പെ ടുത്തിയിരുന്നു. മരണാനന്തര ജീവിതത്തിൽ സ്വർഗ്ഗ ലബ്ധിയും ഐഹിക ജീവിതത്തിൽ 'ലാഇലാഹഇല്ലല്ലാഹു' എന്ന ആദർശ വാക്യത്തിന്റെ പ്രയോഗവൽകരണവുമാണത്. ആഭ്യന്തര ഭദ്രതയും ക്രമസമാധാനവുമുള്ള ഇസ്‌ലാമിക രാഷ്ട്രത്തിന്റെയും സമൂഹത്തി

ന്റെയും സംസ്ഥാപനശ്രമത്തിലൂടെയാണത് സാധ്യമാവുക'' *(പ്രവാചകന്മാരുടെ പ്രബോധനം I.P.H ശൈഖ് മുഹമ്മദ് കാരക്കുന്ന പേജ്: 100)*

''അങ്ങനെ നബി ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളുടെ ലക്ഷ്യം അവരെ അഭ്യസിപ്പിച്ചു. പരമമായ ലക്ഷ്യം പരലോകരക്ഷ തന്നെ. അത് നേടാൻ ഭൂമിയിൽ നിർവ്വഹിക്കേണ്ടത് എന്ത്? 'ലാഇലാഹ ഇല്ലല്ലാഹു'വിന്റെ പ്രയോഗവൽക്കരണം. അത് പൂർണമാകണമെങ്കിൽ ഇസ്‌ലാമിക വ്യവസ്ഥിതിയും രാഷ്ട്രവും സ്ഥാപിതമാവണം. മനുഷ്യന് മനുഷ്യന്റെ മേലുള്ള പരമാധികാരവും യജമാനത്വവും കൃത്രിമ ദിവ്യത്വവും അവസാനിപ്പിക്കണം. അതിനാലാണ് അവിടന്ന് ഇങ്ങനെ അരുൾ ചെയ്തത്. ''നിങ്ങൾ 'ലാഇലാഹ ഇല്ലല്ലാഹു' എന്നു പറയുക. നിങ്ങൾക്ക് അറബികളും അനറബികളും കീഴ്പ്പെടുക തന്നെ ചെയ്യും.'' *(പ്രവാചകന്മാരുടെ പ്രബോധനം-I.P.H ശൈഖ് മുഹമ്മദ് കാരക്കുന്ന് പേ: 101, 102)*

എന്ത് മനസ്സിലായി? ഭരണമില്ലെങ്കിൽ 'ലാഇലാഹ ഇല്ലല്ലാഹു' പൂർണമാകില്ലെന്ന്?! അപ്പോൾ ഇന്ത്യയിൽ ജീവിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കാരുടേയും തൗഹീദ് അപൂർണമല്ലേ.....? ഭരണം സ്ഥാപിക്കാൻ കഴിയാതിരുന്ന പ്രവാചകന്മാരും തൗഹീദ് അപൂർണമായിട്ടാണോ ഈ ലോകത്തോട് വിടപറഞ്ഞത്..?; മക്കാകാലഘട്ടത്തിൽ പ്രവാചകൻ(സ)യുടേയും അവിടുത്തെ അനുചരന്മാരുടേയും തൗഹീദ് അപൂർണമായിരുന്നുവോ?(നഊദുബില്ലാഹ്). ഇതാണ് മൗദൂദിസത്തിന്റെ തൗഹീദിലെ 'സമഗ്രത'. അല്ലാഹുവോ റസൂലോ പഠിപ്പിച്ചിട്ടില്ലാത്ത 'സമഗ്രത' പ്രവാചകന്റെ 'ഉച്ഛ്വാസനിശ്വാസങ്ങൾ' ഏറ്റുവാങ്ങിയ സ്വഹാബികളോ, അവരിൽ നിന്ന് ദീൻ പഠിച്ച താബിഉകളോ അറിഞ്ഞിട്ടില്ലാത്ത 'സമഗ്രത'!. എന്തിനധികം പറയണം മൗദൂദിക്കുമുമ്പ് അഹ്‌ലുസ്സുന്നത്തിവൽ ജമാഅത്തിന്റെ വക്താക്കളായ ഒരൊറ്റ പണ്ഡിതനും പഠിപ്പിച്ചിട്ടില്ലാത്ത 'സമഗ്രത' ലോകത്ത് കഴിഞ്ഞുപോയിട്ടുള്ള മുഹസ്സിറുകളോ, മുഹദ്ദിസുകളോ, ഫുകഹാക്കളോ, ഉലമാക്കളോ രേഖപ്പെടുത്തിയിട്ടില്ലാത്ത 'സമഗ്രത'! അതെ, മൗദൂദിസത്തിന്റെ മാത്രം 'സമഗ്രത'! ഈ അനിസ്‌ലാമിക 'സമഗ്രത' ഉദ്ഘോഷിക്കുന്ന മൗദൂദിസം ഇസ്‌ലാമിന് പരിചയമില്ലാത്ത, തങ്ങളുടേതു മാത്രമായ വികലമായ തൗഹീദിനെ ഉയർത്തിക്കാട്ടുന്നതിനുവേണ്ടി ഇസ്‌ലാമിന്റെ തൗഹീദിനെ രണ്ടാം നിരയിലേക്ക് തള്ളിനീക്കിയതും നിസ്സാരവൽക്കരിച്ചതും കൂടി കാണുക. ''ഇസ്‌ലാം പ്രവാചകന്മാരുടെ ദൗത്യമാണ്. മുഹമ്മദ് നബി(സ)യുടെ മാത്രമല്ല മാനവ ചരിത്രത്തിൽ അതിപ്രാക്തനകാലം മുതൽക്കേ ദൈവത്താൽ നിയുക്തരായ എല്ലാ പ്രവാചകൻമാരുടെയും ദൗത്യം അതായിരുന്നു. അല്ലാഹുവിന്റെ ഏക ദൈവത്വം ജനങ്ങളെ കൊണ്ട് അംഗീകരിപ്പിക്കുവാനും അവനുമാത്രം 'ഇബാദത്ത്' ചെയ്യിക്കുവാനുമാണ് ഈ പ്രവാചകന്മാരെയെല്ലാം നിയോഗിച്ചത്. ഈ വസ്തുത സാമാന്യനിലയിൽ നമുക്കറിയാവുന്നതാണ്. എന്നാൽ ഞാനിവിടെ ഉദ്ധേശിക്കുന്നത് ആ സാമാന്യതയുടെ തിരശ്ശീലയങ്ങുനീക്കി സ്വൽപം ഉള്ളിലോട്ട് പ്രവേശിക്കണം എന്നാണ്. പ്രസ്തുത തിരശ്ശീലയ്ക്കു പിറകിലാണ് സകലതും ഒളിഞ്ഞുകിടക്കുന്നത്. അല്ലാഹുവിന്റെ ഏകദൈവത്വം സമ്മതിപ്പിക്കുന്നതിന്റെ ഉദ്ദേശമെന്ത്? 'ഇബാദത്ത്' അവനുമാത്രം ചെയ്യുകയെന്നാൽ എന്താണതിന്റെ താൽപര്യം? ഇവയെപറ്റി ഒരു ഗവേഷകന്റെ വീക്ഷണകോണിലൂടെ നമുക്കൊന്നു നിരീക്ഷിക്കാം. ഒരു ദൈവദാസൻ വല്ലേടത്തും വെച്ച് 'മാ ലകും മിൻ ഇലാഹിൻ ഗൈയ്റുഹു' (അല്ലാഹുവല്ലാതെ നിങ്ങൾക്കൊരു ദൈവമില്ല) എന്നു പറയുമ്പോഴേക്കും അദ്ദേഹത്തിന്റെ നേരെ പൈശാചിക ശക്തികൾ ഒന്നടങ്കം ആർത്തിരമ്പിക്കയർക്കുവാൻ മാത്രം എന്താണ് ആ വാചകത്തിൽ അന്തർലീനമായി കിടക്കുന്നത്? ഇന്ന് പലരും ധരിച്ചുവെച്ചപ്രകാരം 'പള്ളിയിൽവെച്ച് ഏകദൈവത്തിന്റെ മുമ്പിൽ സാഷ്ടാംഗം ചെയ്യുക. എന്നാൽ പള്ളിക്കുവെളിയിൽ നിലവിലുള്ള ഭരണകൂടത്തോട്-അത് ഏത് തരം ഭരണകൂടമായിരുന്നാലും -കൂറും ഭക്തിയും അനുസരണവും കാണിക്കുക' എന്നുമാത്രമെ അതിൽ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ചോദിക്കുന്നു. ഇത്രയും നിസാരമായ

ആ ‘ഒരവകാശവാദ’ത്തിന്റെ പേരിൽ തങ്ങളുടെ കൂററ്റ പ്രജകളുടെ മത സ്വാതന്ത്ര്യത്തെ അടിച്ചമർത്തുവാൻ മാത്രം ലക്കും ലഗാനുമില്ലാത്തവരായിരുന്നോ അവർ? ദേവാലയങ്ങളിലോ മഠങ്ങളിലോ ആശ്രമങ്ങളിലോ വെച്ച് ഏക ദൈവത്തിന് ആരാധനചെയ്യുവാനുള്ള ഒരു സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്നതിൽ എന്തായിരുന്നു അവർക്കിത്രവിരോധം? ഇതിൽ പ്രഥമദൃഷ്ടിയിൽ തന്നെ വമ്പിച്ച അസാംഗത്യം കാണുന്നുണ്ട്’’ *(ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം പേജ്: 10,11,- I.P.Hമൗദൂദി)*

വസ്തുതകളെ തലതിരിച്ചവതരിപ്പിക്കുന്നതിൽ മൗദൂദിയും മൗദൂദിസ്റ്റുകളും സമർത്ഥർ തന്നെ. അതിനുവേണ്ട ഏത് ‘തിരശ്ശീലയും’ അവർ പൊക്കും. പറഞ്ഞിട്ടെന്തുകാര്യം ഗവേഷകരല്ലേ. ഇതും ഇതിലപ്പുറപ്പും അവർ കാണിക്കും. മക്കാ മുശ്‌രിക്കുകൾ നബി(സ)യുടെ തൗഹീദ് പ്രബോധനത്തെ ഭയപ്പെട്ടത് അതിൽ ഭരണത്തിന്റെ ‘ബീജം’ അടങ്ങിയിട്ടുള്ളത് കൊണ്ടാണത്രേ! നബി(സ)യുടെ തൗഹീദ് പ്രബോധനം ആരാധനയുടെ കാര്യത്തിൽ ഒതുങ്ങുന്നതായിരുന്നുവെങ്കിൽ, പള്ളിമൂലകളിലും മഠങ്ങളിലും ആശ്രമങ്ങളിലുമൊക്കെയായി അത് അനുവദിക്കാതിരിക്കാൻ മാത്രം ലക്കും ലഗാനുമില്ലാത്തവരല്ലത്രെ മക്കാമുശ്‌രിക്കുകൾ! ഗവേഷണം ഗംഭീരം തന്നെ! തീരശ്ശീലകൾ ഇനിയും ഉയരട്ടെ, പക്ഷെ സത്യം നേരെ തിരിച്ചാണെന്നുമാത്രം. നബി(സ) തന്റെ തൗഹീദി പ്രബോധനം നിർത്തുന്നതിന്ന് വേണ്ടി ഭരണം പോലും നൽകാൻ അവർ ഒരുക്കമായിരുന്നു. നബിയെ അവരത് അറിയിക്കുകയും അദ്ദേഹം അത് നിരസിക്കുകയും ചെയ്തു. അത്തരം ‘ഓഫറുകൾ’ കൊണ്ട് തന്റെ തൗഹീദ് പ്രബോധനം നിർത്തിവെപ്പിക്കാമെന്നത് വ്യാമോഹം മാത്രമാണെന്ന് അവിടുന്ന് പറഞ്ഞത് ഹദീസുകളിൽ നിന്നും ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്. ഏതായാലും പ്രവാചകനോ, സ്വഹാബത്തിനോ തിരിഞ്ഞിട്ടില്ലാത്ത ഈ രാഷ്ട്രീയതൗഹീദ് (തൗഹീദുൽ ഹാകിമിയ്യ) അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ‘അകീദക്ക്’ പുറത്താണ്. മൗദൂദിശിയാക്കളിൽ നിന്നും കടമെടുത്ത് പരിഷ്കരിച്ച, സയ്യിദ് ഖുത്തുബ് അറബ് ലോകത്ത് പരിചയപ്പെടുത്തിയ ‘തൗഹീദുൽ ഹാകിമിയ്യ’ എന്ന ഈ രാഷ്ട്രീയതൗഹീദ്, ഇസ്‌ലാമിലെ തൗഹീദിന്റെ ‘അതിര്’ തിക്കലാണ്; ദുർമാർഗ്ഗത്തിന്റെ കവാടം തുറക്കലാണ്.